കേരള സർക്കാർ
(സംഗ്രഹം)

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി – വാർഷിക പദ്ധതി പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് തീയതി ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ. 33/2003/ പ്ലാനിംഗ് തിരുവനന്തപുരം, 2003, ഫെബ്രുവരി 19

---

പരാമർശം: 1. 06/06/2002ലെ ജി.ഒ(എം എസ്)20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 24/09/2002ലെ ജി.ഒ(എം എസ്)39/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
3. 3/11/2002ലെ ജി.ഒ(എം എസ്)53/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
4. 13/12/2002ലെ ജി.ഒ(എം എസ്)61/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി രേഖയും പ്രോജക്ടുകളും തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനും ഉള്ള വിശദമായ മാർഗ്ഗരേഖ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം രണ്ട് മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാതലത്തിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അവയുടെ 2003–04 മുതലുള്ള നാല് വാർഷിക പദ്ധതി പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിക്ക് നൽകുന്നതിനുള്ള തീയതി 31–01–2003 വരെയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ട തീയതി 28–02–2003 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുമായി സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ ചർച്ചയിൽ 2003–04 മുതലുള്ള നാല് വാർഷിക പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കേണ്ടതാണെന്ന് പൊതു അഭിപ്രായം ഉണ്ടായിട്ടുണ്ട്. പ്രസ്തുത അഭിപ്രായത്തോട് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോജിപ്പ് പ്രകടിപ്പിക്കുകയും രണ്ടാം വാർഷിക പദ്ധതി മുതലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് ചില ശുപാർശകൾ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു.

3. കോർഡിനേഷൻ സമിതിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിൽ ചുവടെ പ്രതിപാദിക്കുന്ന ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2003–04 വാർഷിക പദ്ധതി പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് നൽകേണ്ട തീയതി 28–02–2003 വരെയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ട തീയതി 31–03–2003 വരെയും ദീർഘിപ്പിക്കുന്നു.

(ii) 2004-05 മുതലുള്ള മൂന്ന് വാർഷിക പദ്ധതി പ്രോജക്ടുകൾ സമർപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

4. മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്.എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൾ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Rural)
6. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണം (Urban)
7. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് (അടിയന്തര പത്രക്കുറിപ്പിന്)
8. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
10. എല്ല് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ല് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
12. എല്ല് ജില്ല പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ കോർപ്പറേഷനുകളിലെയും മേയർമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
5. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ്
7. ഗ്രാമ വികസന വകുപ്പ്
8. ആസൂത്രണ വകുപ്പ്